**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3550** **15-02-2024 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ നിലവിലെ അംഗീകൃത തസ്തികകളും നിലവിലുള്ള ഒഴിവുകളും സംബന്ധിച്ച് വിശദവിവരങ്ങൾ വില്ലേജ് ഓഫീസ് അടിസ്ഥാനത്തിൽ നൽകാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭൂരിഭാഗവും ഗ്രൂപ്പ് വില്ലേജുകളായി പ്രവർത്തിക്കുന്ന പ്രസ്തുത വില്ലേജ് ഓഫീസുകളിൽ സേവനങ്ങൾക്കായി എത്തുന്നവർക്ക് യഥാസമയം സേവനങ്ങൾ ലഭ്യമാകുന്നതിന് തടസ്സമുണ്ടാകാനിടയുള്ളതിനാൽ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രസ്തുത വില്ലേജ് ഓഫീസുകളിലെ വി.എഫ്.എ. തസ്തികയിലെ ഒഴിവുകൾ കേരള പി.എസ്.സി.യുടെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. വില്ലേജ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ കേരള പി.എസ്.സി. മുഖേനയും സ്പെഷ്യൽ വില്ലേജ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ എച്ച്.ആർ.എം.എസ്. മുഖേനയും നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മണലൂർ മണ്ഡലത്തിൽ ഏതെല്ലാം വില്ലേജ് ഓഫീസുകൾ ഇതുവരെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി എന്ന് അറിയിക്കാമോ; | (സി) | മണലൂർ മണ്ഡലത്തിലെ, എറവ്-പരക്കാട് മണ്ഡലത്തിൽ ഭാഗികമായി ഉൾപ്പെടുന്ന ഇയ്യാൽ-ചിറനെല്ലൂർ എന്നീ വില്ലേജ് ഓഫീസുകൾക്ക് പുതിയ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ മുല്ലശ്ശേരി-അന്നക്കര വില്ലേജ് ഓഫീസ് നവീകരണം വഴി സ്മാർട്ടാക്കി മാറ്റിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ആഫീസ് ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ? | (ഡി) | മണലൂർ മണ്ഡലത്തിലെ പാവറട്ടി-വെണ്മേനാട്, മനക്കൊടി-വെളുത്തൂർ എന്നീ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാവറട്ടി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി സ്ഥലം തർക്കരഹിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മനക്കൊടി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**മണലൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലെ നിലവിലെ അംഗീകൃത തസ്തികകളും നിലവിലുള്ള ഒഴിവുകളും സംബന്ധിച്ച വിവരം**

| നിയോജക മണ്ഡലം | താലൂക്ക് | വില്ലേജ് ഓഫീസ് | അനുവദിച്ചിട്ടുള്ള തസ്തികകളുടെ എണ്ണം | നിലവിലുള്ള ഒഴിവ് |
|---|---|---|---|---|
| മണലൂർ | ചാവക്കാട് | പാവറട്ടി–വെണ്മേനാട് ഗ്രൂപ്പ് | 5 | വി.എഫ്.എ. – 1 |
| | | എളവള്ളി - ബ്രഹ്മകുളം ഗ്രൂപ്പ് | 5 | വി.എഫ്.എ. – 1 |
| | | മുല്ലശ്ശേരി അന്നക്കര ഗ്രൂപ്പ് | 5 | വി.എഫ്.എ. – 1 |
| | | വാടാനപ്പിള്ളി | 5 | എസ്.വി.ഒ. – 1 |
| | | തൈക്കാട് - ചാവക്കാട് ഗ്രൂപ്പ് | 5 | എസ്.വി.ഒ. – 1 |
| | | വെങ്കിടങ്ങ് കണ്ടലിയൂർ എരിമ്പ്രനെല്ലൂർ ഗ്രൂപ്പ് | 5 | 0 |
| | തൃശ്ശൂർ | എറവ് -പരക്കാട് ഗ്രൂപ്പ് | 4 | വി.എഫ്.എ. – 1 |
| | | മണലൂർ | 4 | വി.എ. – 1 |
| | | കാരമുക്ക് | 4 | വി.എഫ്.എ. – 1 |
| | | മനക്കൊടി - വെളുത്തൂർ ഗ്രൂപ്പ് | 5 | വി.എ. – 1 |
| | കുന്നംകുളം | ഇയ്യാൽ -ചിറനെല്ലൂർ ഗ്രൂപ്പ് | 4 | വി.എഫ്.എ. – 1 |
| | | കണ്ടാണശ്ശേരി | 3 | 0 |
| | | ആളൂർ | 3 | 0 |
| | | ചൂണ്ടൽ | 3 | 0 |
| | | എരനെല്ലൂർ | 3 | 0 |
| | ആകെ | | 63 | |